നമ്പർ 266/2008

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ

നമ്മുടെ എല്ലാപള്ളികളിലെയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, മാനേജിംഗ് കമ്മറ്റി അംഗങ്ങളും, ശേഷം ജനങ്ങളും, സഭാവക സ്ഥാപനങ്ങളുടെ ചുമതലക്കാരും, പ്രവർത്തകരും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

ഇടവക പൊതുയോഗത്തിൽ നിരീക്ഷകരായി വനിതകൾക്കും സംബന്ധിക്കുന്നതിന് 2007 ഫെബ്രുവരി സുന്നഹദോസ് അനുമതി നൽകിയിരുന്നുവല്ലോ. അത് സംബന്ധിച്ച് താഴെപ്പറയുന്ന വിശദീകരണങ്ങൾ കൂടി നാം നിങ്ങളെ അറിയിക്കുന്നു.

1. കുടുംബനാഥൻ കുടിശ്ശിക തീർത്തിരിക്കുന്നു എങ്കിൽ ആ കുടുംബത്തിലെ 21 വയസ്സ് പൂർത്തിയായവരും, ആണ്ടുകുമ്പസാരം നടത്തിയിട്ടുള്ളവരുമായ പുരുഷന്മാർക്കും, വനിതകൾക്ക് നിരീക്ഷകരായിമാത്രവും പൊതുയോഗത്തിൽ സംബന്ധിക്കാവുന്നതാണ്.

2. പുരുഷൻമാർക്കും സ്ത്രീകൾക്കുമായി ഒരേ കുമ്പസാര രജിസ്റ്റർ മതിയാകും.

3. നിരീക്ഷകരായി സംബന്ധിക്കുവാൻ അർഹതയുള്ള വനിതകളുടെ പേരുവിവരം നോട്ടീസ്ബോർഡിൽ പ്രസിദ്ധപ്പെടുത്തണം.

4. പൊതുയോഗത്തിൽ വനിതകൾക്ക് ഒപ്പിടുന്നതിനായി ഒരു നിരീക്ഷക രജിസ്റ്റർ പ്രത്യേകം ഉണ്ടായിരിക്കണം.

5. പൊതുയോഗത്തിൽ സ്ത്രീകൾക്ക് അഭിപ്രായസ്വാതന്ത്ര്യം ഉണ്ട്; എന്നാൽ വോട്ടിംഗ് അവകാശം ഉണ്ടായിരിക്കുന്നതല്ല.

6. സ്ത്രീകളെ ഇടവക മാനേജിംഗ് കമ്മറ്റി അംഗമായി ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല; എന്നാൽ ഇടവകയുമായി ബന്ധപ്പെട്ട ഉപസമിതികളിലെ അംഗങ്ങൾ ആക്കാവുന്നതാണ്.

വീണ്ടും പ്രിയരെ,

നാളുകളായി മലങ്കര സഭയിൽ നിലനിൽക്കുന്ന സഭാതർക്കത്തിന് പരിഹാരമാർഗ്ഗം എന്നുള്ള നിലയിൽ **വിഭജിച്ച് പിരിയുക** എന്നുള്ള ആശയം ഏതാനും ആളുകളിൽ നിന്നും ഉയർന്നുവരുന്നു എന്നുള്ളത് 2008 ഫെബ്രുവരി മാസത്തിൽ സമ്മേളിച്ച പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ശ്രദ്ധയിൽ വരികയുണ്ടായി. ഇത് സംബന്ധിച്ച് നടന്ന ചർച്ചയിൽ ഇത്തരത്തിലുള്ള അഭിപ്രായപ്രകടനങ്ങൾ നാം ഇതുവരെ

(മറുപുറം)

പിൻതുടർന്ന് വന്ന നയങ്ങൾക്ക് യോജിക്കുന്നതല്ല എന്ന് സുന്നഹദോസ് അംഗങ്ങൾ ഏകകണ്ഠമായി അഭിപ്രായപ്പെടുകയുണ്ടായി. ആയതിനാൽ കോടതി വിധികൾ മുഖാന്തിരമല്ലാതെയുള്ള ഒരു ഒത്തുതീർപ്പിന് സഭ സന്നദ്ധമല്ല എന്നും, വിഭജിച്ച് പിരിയുക എന്ന നിലയിലുള്ള പ്രചരണം ഒരു കാലത്തും അനുവദനീയമല്ല എന്നുമുള്ള പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനവും ഈ കൽപനയിലൂടെ നാം നിങ്ങളെ അറിയിക്കുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................



**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ.**

2008 ജൂലൈ 30 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.